## വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയത് മനഃപൂർവ്വമല്ലെങ്കിൽ ഡാമേജസ് ചുമത്തുന്നത് ഒഴിവാക്കണം

### അലഹബാദ് ഹൈക്കോടതി

M.S. No. 25668/2016 Dt. 7.2.2020

നന്ദ്ഗഞ്ച് സിഹോരി ഷുഗർ കമ്പനി ലിമിറ്റഡ്

x

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ

ഇരുപത്തിമൂന്ന് കോടി രൂപയിലധികം ആസ്തിയുള്ള പഞ്ചസാര മില്ലാണ് കമ്പനി നടത്തുന്നത്. എണ്ണമറ്റ തൊഴിലാളികൾ ഫാക്ടറിയിൽ ജോലി ചെയ്തിരുന്നു. ഇ.പി.എഫ്. നിയമം ബാധകമായ സ്ഥാപനം കൃത്യമായ വിഹിതമടയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ 1998 ആയപ്പോഴേക്കും കമ്പനിയുടെ നഷ്ടം നാല്പത്തിയഞ്ച് കോടിയിലധികം രൂപയായി. തൊഴിലാളികൾക്ക് വേതനം നല്കാനോ വിഹിതമടയ്ക്കാനോ കമ്പനിക്ക് സാധിക്കാതായി. കമ്പനി പീഡിത വ്യവസായ യൂണിറ്റായി പ്രഖ്യാപിക്കപ്പെട്ടു. ഫാക്ടറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക അസാധ്യമെന്ന് ബന്ധപ്പെട്ട സമിതി റിപ്പോർട്ട് ചെയ്തു. തുടർന്ന് തൊഴിലാളികൾക്ക് പിരിഞ്ഞുപോകാനുള്ള പദ്ധതി തയ്യാറാകുകയും അവർ ആനുകൂല്യങ്ങൾ വാങ്ങി പോകുകയും ചെയ്തു. ഇ.പി.എഫ്. വിഹിതവും പലിശയുമടക്കം രണ്ടര കോടിയിലധികം രൂപ കമ്പനി 2002-ൽ അടച്ചു തീർത്തു. ഫാക്ടറി വെറും ഒരു രൂപയ്ക്ക് സംസ്ഥാന സർക്കാരിന് വിറ്റു. ആ സ്ഥലത്ത് സംസ്ഥാന സർക്കാർ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിച്ചു. വർഷങ്ങൾ കഴിഞ്ഞ് 2012-ൽ ഡാമേജസും പലിശയും അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഇ.പി.എഫ്.ഒ. സ്ഥാപനത്തിന് നോട്ടീസയച്ചു. സ്ഥാപന മേധാവി നോട്ടീസിന് വിശദമായി മറുപടി നല്കിയെങ്കിലും ഡാമേജസും പലിശയുമടക്കം മൂന്ന് കോടിയിലധികം രൂപ അടയ്ക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിച്ചു. കോടിക്കണക്കിനു രൂപയുടെ നഷ്ടത്തിലായതിനാലാണ് യഥാസമയം വിഹിതമടയ്ക്കാൻ കഴിയാതെ പോയതെന്നും 2002-ൽ സ്ഥാപനം പ്രവർത്തനം നിർത്തിയെന്നും അതുവരെയുള്ള കുടിശികയും പലിശയും അടച്ചു തീർത്തുവെന്നും മനഃപൂർവ്വം കാലതാമസം വരുത്തിയിട്ടില്ലെന്നും മറ്റും സ്ഥാപനം വാദിച്ചത് ട്രൈബ്യൂണൽ അംഗീകരിച്ചെങ്കിലും 40% ഡാമേജസ് അടയ്ക്കണമെന്നാണ് ഉത്തരവിട്ടത്. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയ സ്ഥാപനം പൂർണ്ണ തോതിൽ ഡാമേജസ് അടയ്ക്കാൻ ബാധ്യസ്ഥമാണെന്ന് ഇ.പി.എഫ്.ഒ. വാദിച്ചു. വിഹിതമടയ്ക്കാൻ മനഃപൂർവ്വം വീഴ്ച വരുത്തിയെന്ന് തെളിഞ്ഞാൽ മാത്രമേ ഡാമേജസ് ചുമത്തുവാൻ പാടുള്ളുവെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. സാമ്പത്തിക ഞെരുക്കത്തിലകപ്പെട്ടതിനാലാണ് സ്ഥാപനം വിഹിതമടയ്ക്കാൻ വൈകിയതെന്ന് പകൽ പോലെ വ്യക്തമായിരിക്കെ ഡാമേജസ് ചുമത്തിയത് നിയമസാധുതയുള്ളതല്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ട്രൈബ്യൂണലിന്റെ വിധി റദ്ദാക്കുകയും നിയമാനുസൃതം ശരിയായ ഉത്തരവ് പുറപ്പെടുവിക്കാൻ ട്രൈബ്യൂണലിന് നിർദ്ദേശം നല്കുകയും സ്ഥാപനത്തിന്റെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.